**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.70481/AC A1-3/2022/VC SECTION　　　　　　　　　　　　　　തീയതി: 10.05.2022

<u>വിജ്ഞാപനം</u>

പരാമർശം: സർവ്വകലാശാല ഉത്തരവ് നം.4804/AC A1/2022/എം.ജി.യു തീയതി 09.05.2022

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ/ ബിരുദാനന്തരബിരുദ പോഗ്രാമുകൾക്ക് (നിയന്ത്രണ സമിതികൾ ഇല്ലാത്തവ) 2022-23 അദ്ധ്യയന വർഷത്തേയ്ക്ക്, നാമമാത്ര സീറ്റ് വർദ്ധനവിന് (മാർജിനൽ വർദ്ധനവ്) കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

നിലവിലുള്ള സീറ്റുകളുടെ 25% വരെ വർദ്ധനവ് അനുവദിക്കുന്നതാണ്. നാമമാത്ര സീറ്റ് വർദ്ധനവ് ഉൾപ്പെടെ ബിരുദ പോഗ്രാമുകൾക്ക് പരമാവധി 70 സീറ്റും ബിരുദാനന്തര ബിരുദ പോഗ്രാമുകൾക്ക് പരമാവധി 30 സീറ്റും മാത്രമേ അനുവദിക്കുകയുള്ളൂ. 2022-23 അദ്ധ്യയനവർഷം വരെ സർവ്വകലാശാലയിൽ അടയ്ക്കേണ്ട എല്ലാവിധ ഫീസുകളും ഒടുക്കിയ കോളേജുകൾക്ക് മാത്രമേ നാമമാത്ര വർദ്ധനവ് അനുവദിക്കുകയുള്ളൂ. *നാമമാത്ര വർദ്ധനവ് ആവശ്യമുള്ള കോളേജുകൾ, പ്രോഗ്രാം ഒന്നിന് 3500/-രൂപ (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) എന്ന നിരക്കിൽ ഫീസടച്ചുള്ള അപേക്ഷകൾ സർവകലാശാലയുടെ ഏകജാലക സംവിധാനത്തിലൂടെ (www.cap.mgu.ac.in/collegelogin) 20.05.2022 തീയതിക്കകം സമർപ്പിക്കേണ്ടതാണ്. ഇത് വഴിയല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.*

നാമമാത്ര സീറ്റ് വർദ്ധനവ് ആവശ്യമുള്ള പോഗ്രാമുകൾ, അനുവദിച്ചിട്ടുള്ള സീറ്റുകൾ, നാമമാത്ര സീറ്റ് വർദ്ധനവ് വഴി ആവശ്യമുള്ള സീറ്റുകൾ എന്നിവ അപേക്ഷയിൽ വ്യക്തമായി കാണിച്ചിരിക്കണം.

നാമമാത്ര സീറ്റ് വർദ്ധനവ് സംബന്ധിച്ചുള്ള സംശയങ്ങൾക്ക് ചുവടെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്:

- എയ്ഡഡ്/ ഗവണ്മെന്റ് ആർട് സ് ആൻഡ് സയൻസ് കോളേജുകൾ - 0481-2733283 (എ.സി.എ.1 സെക്ഷൻ)
- അൺ-എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 0481-2733423 (എ.സി.എ.7 സെക്ഷൻ)
- സ്വയംഭരണ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 0481-2733595 (എ.സി.ബി.7 സെക്ഷൻ)

ഡോ.പ്രകാശ് കുമാർ.ബി
രജിസ്ട്രാർ

പകർപ്പ്:

1.എല്ലാ അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പൽമാർ
2.വി.സി/ പി.വി.സി എന്നിവരുടെ പി.എസ് മാർ

Draft #2 of File 70481/AC A1-3/2022/VC SECTION Approved by Registrar on 10-May-2022 02:46 PM - Page 1